പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1075 — 08.2.2013 ൽ മറുപടിക്ക്

അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

**ചോദ്യം**

ശ്രീ.ബെന്നി ബെഹനാൻ :

ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി :

ശ്രീ.കെ. ശിവദാസൻ നായർ :

ശ്രീ.സി. പി. മുഹമ്മദ് :

**മറുപടി**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | എ) | യുവതലമുറയെ അവരുടെ വിദ്യാഭ്യാസ കാലയളവിൽ തന്നെ തൊഴിൽ മേഖലയിൽ പ്രാവീണ്യം നൽകുക വഴി വൈദഗ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു ചേർന്നിട്ടുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം അധികമായി തൊഴിൽ നൈപുണ്യങ്ങൾ സൃഷ്ടിച്ച് തൊഴിൽ വൈദഗ്ധ്യമുള്ളവരാക്കി തീർക്കാൻ ഈ പദ്ധതി വഴി സാധിക്കും. ഹയർ സെക്കണ്ടറി സ്കൂളുകളിലും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പഠനത്തിനു ചേരുന്ന കുട്ടികൾക്കാണ് ഇപ്പോൾ നൈപുണ്യ വികസനത്തിനുള്ള പരിശീലനം നൽകുക. തൊഴിൽ സാദ്ധ്യതയുള്ള മേഖലയിൽ ആവശ്യമുള്ള പ്രവൃത്തി പരിചയം ഉൾപ്പെട്ട പരിശീലനം ആണ് നൽകാൻ ഉദ്ദേശിക്കുന്നത് |
| ബി) | പ്രസ്തുത പദ്ധതി ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി ആസൂത്രണം ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ തീരുമാനങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഒരു എ.എസ്.എ.പി. സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. |
| സി) | തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; | സി) | വ്യവസായ മേഖലയ്ക്ക് ആവശ്യമായ തൊഴിൽ നൈപുണ്യം ഉള്ളവരെ സൃഷ്ടിക്കുന്നതിനായി അതാത് മേഖലയിലെ വിദഗ്ധന്മാരുടെ നിർദ്ദേശാനുസരണമുള്ള കോഴ്സുകൾ ആണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഓരോ മേഖലയിലും പ്രാവീണ്യമുള്ളവരാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. കരിക്കുലത്തിൽ 55 % പ്രവർത്തി പരിചയം ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ടി, ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ , ഫിനാൻഷ്യൽ സെക്ടർ , ഓർഗനൈസ്ഡ് റീടെയിൽ , കൺസ്ട്രക്ഷൻ . ഇവന്റ് മാനേജ്മെന്റ് , ബിസിനസ് സർവീസസ്, മീഡിയ തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുക. |
| ഡി) | പ്രസ്തുത പദ്ധതി എന്നു മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | ഡി) | പദ്ധതി 2012 നവംബർ ഒന്ന് മുതൽ ആരംഭിച്ച് കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ